കേരള സർക്കാർ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
സൂപ്പർവൈസറി ഡെവലപ്പ്മെൻറ് സെൻറർ
കളമശ്ശേരി – 683 104.
വെബ് സൈറ്റ് - www.sdcentre.org
ഇ-മെയിൽ : sdckalamassery@gmail.com
Phone : 0484 2556530

# ബിടെക്&ഡിപ്ലോമ ഇൻറർവ്യൂ നിർദ്ദേശങ്ങൾ

സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ/സ്വകാര്യ സ്ഥാപനങ്ങളിലെ ആയിരത്തിൽപ്പരം ഒഴിവുകളിലേക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ചെന്നൈയിലെ ദക്ഷിണ മേഖലാ ബോർഡ് ഓഫ് **അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗും** സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരി സൂപ്പർവൈസറി **ഡെവലപ്പ്മെന്റ് സെന്ററും** ചേർന്ന് **ബിടെക് ആൻഡ് ഡിപ്ലോമ അപ്രന്റീസുകളെ** തിരഞ്ഞെടുക്കുന്നു.

## യോഗ്യത

**ബിടെക്, ത്രിവത്സര പോളിടെക്നിക്ക് ഡിപ്ലോമ പാസ്സായി** മൂന്ന് വർഷം കഴിയാത്തവർക്കും **അപ്രന്റീസ്** ആക്ട് പ്രകാരം പരിശീലനം ലഭിക്കാത്തവർക്കുമാണ് അവസരം.

## സ്റ്റൈപ്പന്റ്

കുറഞ്ഞത് **ബിടെക് –9000/-** രൂപ. **ഡിപ്ലോമ –8000/-** രൂപ. ട്രെയിനിങ്ങിനു ശേഷം **കേന്ദ്ര ഗവൺമെന്റ്** നൽകുന്ന പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ് അഖിലേന്ത്യ തലത്തിൽ തൊഴിൽ പരിചയമായി പരിഗണിച്ചിട്ടുള്ളതാണ്

ഇന്റർവ്യൂന് ഹാജരാക്കേണ്ട രേഖകളും മറ്റു വിവരങ്ങളും

- എസ് ഡി **സെന്ററിൽ** രജിസ്റ്റർ ചെയ്തു **കഴിഞ്ഞതിനുശേഷം ഇമെയിൽ മുഖേന ലഭിച്ച രജിസ്ട്രേഷൻ കാർഡിന്റെ പ്രിന്റ്.**
- സർട്ടിഫിക്കറ്റുകളുടെയും മാർക്ക്ലിസ്റ്റുകളുടെയും അസ്സലും, പകർപ്പുകളും, വിശദമായ ബയോഡാറ്റയുടെ പകർപ്പുകളും സഹിതം **ഫെബ്രുവരി 3-ാം തീയതി** രാവിലെ 9.30 ന് **ഇന്റർവ്യൂന്** ഹാജരാകണം.
- അപേക്ഷകൻറെ ഇഷ്ടാനുസരണം ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ ഇന്റർവ്യൂവിന് പങ്കെടുക്കാം.
- പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിന് അനുസൃതമായി മാർക്ക്ലിസ്റ്റുകൾ,സർട്ടിഫിക്കറ്റുകൾ,ബയോഡാറ്റ എന്നിവയുടെ പകർപ്പുകൾ കരുതേണ്ടതാണ്.
- **ഇൻർവ്യൂവിൽ** പങ്കെടുക്കാൻ ഉദ്യോഗാർത്ഥികൾ സൂപ്പർവൈസറി **ഡെവലപ്പ്മെന്റ് സെന്ററിൽ 31.01.2023 ന്** മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. അപ്രന്റീസ് രജിസ്ട്രേഷന് അപേക്ഷാ ഫോം ,സർട്ടിഫിക്കറ്റ് ,മാർക്ക് ലിസ്റ്റ്, എന്നിവയുടെ കോപ്പി ,ചലാൻ (**ബിടെക്** SC/ ST 45രൂപ ,General 80രൂപ, **ഡിപ്ലോമ** SC/ ST 35രൂപ ,General 65രൂപ )എന്നി രേഖകൾ **ആവശ്യമാണ്.**
- രജിസ്റ്റർ ചെയ്യാനുള്ള **അപേക്ഷാ ഫോം** എസ് ഡി **സെന്റർ വെബ്സൈറ്റിൽ** നിന്നും ലഭിക്കും
- എസ് .ഡി സെന്ററിൽ നേരിട്ടോ തപാൽ വഴിയോ രജിസ്റ്റർ ചെയ്യാവുന്നതാണ്.
- നിലവിൽ രജിസ്റ്റർ ചെയ്തവർ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല. മെയിൽ മുഖേന ലഭിച്ച രജിസ്ട്രേഷൻ കാർഡുമായി ഇന്റർവ്യൂന് പങ്കെടുക്കാവുന്നതാണ്
- **ഇൻർവ്യൂ** നടക്കുന്ന ദിവസം **അപ്രന്റീസ്ഷിപ്പിന്** വേണ്ടിയുള്ള **രജിസ്ട്രേഷൻ** ഉണ്ടായിരിക്കുന്നതല്ല..
- ബോർഡ് ഓഫ് **അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗിന്റെ** നാഷണൽ വെബ് പോർട്ടൽ ആയ **mhrd.nats.gov.in** ൽ രജിസ്റ്റർ ചെയ്തവർ **അതിന്റെ പ്രിന്റൗട്ട് കൊണ്ടുവന്നാൽ അതും** പരിഗണിക്കുന്നതാണ്.
- അപേക്ഷാഫോമിനും പങ്കെടുക്കുന്ന കമ്പനികളുടെ വിശദാംശങ്ങൾക്കും **www.sdcentre.org** എന്ന **വെബ്സൈറ്റ്** സന്ദർശിക്കുക .

| | |
|---|---|
| **സ്ഥലം** | : **സെൻട്രൽ പോളിടെക്നിക്ക് കോളേജ്, വട്ടിയൂർക്കാവ്,തിരുവനന്തപുരം** |
| **ഇന്റർവ്യൂ രജിസ്ട്രേഷൻ സമയം** | : **8:00 AM** മുതൽ **11:00 AM** വരെ |
| **ഇന്റർവ്യൂ സമയം** | : **9:30 AM TO 5:00 PM** |
| **തീയതി** | : **03.02.2023** |
| **വിഭാഗം** | : **എല്ലാ ബിടെക്, ഡിപ്ലോമ ബ്രാഞ്ചുകൾ** |
| **ഫോൺ** | : **0484 2556530** . |
| **ഇമെയിൽ ഐഡി** | : **sdckalamassery@gmail.com** |

പങ്കെടുക്കുന്ന കമ്പനികളുടെയും ഒഴിവുകളുടെയും വിവരങ്ങൾ , ഇന്റർവ്യൂമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ **www.sdcentre.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ് .